# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5628 02.07.2014 ൽ മറുപടിക്ക്

**മുതലമട പഞ്ചായത്തിലെ എൻഡോസൾഫാൻ അമിതോപയോഗം**

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ എൻഡോസൾഫാന്റെ അമിത ഉപയോഗം സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | മുതലമട, കൊല്ലങ്കോട് എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ആരോഗ്യ വകുപ്പ് പ്രാഥമിക സർവ്വേ നടത്തിയിട്ടുണ്ട്. മേപ്പടി സർവേയിൽ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് സംശയിക്കുന്ന 46 പേരെ കണ്ടെത്തുകയും ഇത് സ്ഥിതീകരിക്കുന്നതിനായി വിദഗ്ധ സംഘത്തിന്റെ സേവനം ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് അധികൃതർക്ക് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എൻഡോസൾഫാന്റെ ഉപയോഗം മൂലം രോഗം ബാധിച്ച ഏതെങ്കിലും കേസുകൾ ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്നവരെ കണ്ടെത്തിയിട്ടുണ്ടെന്നല്ലാതെ ആയതിന് സ്ഥിരീകരണം നൽകാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് ജില്ലയിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി നാളിതുവരെ 189 പേരെ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എൻഡോസൾഫാൻമൂലം മരണം സംഭവിച്ചത് സംബന്ധിച്ച വാർത്തകളുടെ നിജസ്ഥിതി അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ; | (സി) | പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ട് അത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മുതലമട പഞ്ചായത്തിൽ എൻഡോസൾഫാന്റെ അമിത ഉപയോഗം ഉണ്ടെങ്കിൽ ആയത് തടയുന്നതിന് ആരോഗ്യവകുപ്പ് എടുത്ത മുൻകരുതലുകൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (ഡി) | പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ കീടനാശിനി പ്രയോഗം തടയുന്നതിനായി സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 18.10.2010-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ, കൃഷിവകുപ്പ്, ഡെപ്യൂട്ടി ഡയറക്ടർ, ചിറ്റൂർ അഡീഷണൽ തഹസിൽദാർ, ചിറ്റൂർ ഡെപ്യൂട്ടി തഹസീൽദാർ, മുതലമട കൃഷി ഓഫീസർ എന്നിവരും പങ്കെടുക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | മുതലമട, കൊല്ലങ്കോട് മേഖലകളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കൊല്ലങ്കോട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ചിറ്റൂർ തഹസീൽദാർ, ബന്ധപ്പെട്ട കൃഷി ഓഫീസർമാർ, ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായുള്ള ഒരു മൊബൈൽ സ്ക്വാഡ് രൂപീകരിക്കുകയും പ്രസ്തുത സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

Manjith

സെക്ഷൻ ഓഫീസർ